കരുത്തുറ്റ ജനാധിപത്യത്തിന് വിപുലമായ ജനപങ്കാളിത്തം

## ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ




# വോട്ടർ പട്ടികയിൽ പേരു ചേർക്കുവാൻ യുവതീ യുവാക്കൾക്ക് ഇപ്പോൾ വീണ്ടും സുവർണ്ണാവസരം

നിങ്ങളുടെ പതിനെട്ടാം ജന്മദിനം 2–1–2011 നോ, 1–1–2012 നോ അതിനിടയിലുള്ള ഏതെങ്കിലും ദിവസമോ ആണോ ?

വോട്ടർ പട്ടികയിൽ നിങ്ങൾക്ക് ഇനിയും പേര് ചേർക്കാൻ കഴിഞ്ഞിട്ടില്ലേ ?

എങ്കിൽ തിരഞ്ഞെടുപ്പ് കമ്മീഷൻ നിങ്ങളെത്തേടി നിങ്ങൾ പഠിക്കുന്ന കോളേജിലേക്ക് വരുന്നു.

നിങ്ങളുടെ വീട് മറ്റൊരു ജില്ലയിലാണെങ്കിലും അവിടെ പോകാതെ തന്നെ നിങ്ങളുടെ മാതാപിതാക്കളുടെ പേര് ചേർത്തിട്ടുള്ള സ്ഥലത്തെ ബൂത്തിലെ വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിന് അപേക്ഷിക്കാം.

**2012** ജനുവരി **7** മുതൽ **15** വരെ നിങ്ങൾ പഠിക്കുന്ന കോളേജുകളിൽ അപേക്ഷ സ്വീകരിക്കാൻ പ്രത്യേക സൗകര്യമൊരുക്കുന്നു.

ഇതേ പ്രായത്തിലുള്ള വിദ്യാർത്ഥികളല്ലാത്തവർക്ക് ഏറ്റവും അടുത്തുള്ള ഏതു താലൂക്ക് ഓഫീസുകളിലും ജനുവരി **8, 14, 15** തീയതികളിൽ അപേക്ഷിക്കാൻ സൗകര്യം.

**അപേക്ഷ സമർപ്പിക്കുന്നതിന് ഹാജരാക്കേണ്ട രേഖകൾ**

1) പ്രായം തെളിയിക്കുന്നതിനുള്ള രേഖ (എസ്.എസ്.എൽ.സി. – യോ തത്തുല്യ പരീക്ഷയുടേയോ സർട്ടിഫിക്കറ്റ്, ജനന സർട്ടിഫിക്കറ്റ്, ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, ഡ്രൈവിംഗ് ലൈസൻസ്,എന്നിവയിലേതെങ്കിലും ഒന്നിന്റെ അസ്സലോ ഗസറ്റഡ് ഉദ്യോഗസ്ഥൻ അല്ലെങ്കിൽ കോളേജ് പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ രേഖകളോ)
2) അച്ഛന്റേയോ അമ്മയുടേയോ തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് അല്ലെങ്കിൽ അതിന്റെ പൂർണ്ണമായ നമ്പർ

അപേക്ഷ സമർപ്പിക്കുന്നവരുടെ ഫോട്ടോ അപ്പോൾ തന്നെ എടുക്കുകയും ജനുവരി 25–ന് ശേഷം തിരിച്ചറിയൽ കാർഡുകൾ ബി.എൽ.ഒ. മാർ മുഖേന അപേക്ഷകരുടെ വീടുകളിലെത്തിക്കുന്നതുമാണ്.

**ഈ സൗകര്യം അവരവരുടെ മാതാപിതാക്കളുടെ പേര് ചേർത്തിട്ടുള്ള സ്ഥലത്തെ ബൂത്തിന്റെ വോട്ടർ പട്ടികയിൽ പേര് ചേർക്കുവാൻ ആഗ്രഹിക്കുന്നവർക്ക് മാത്രം.**

ഈ സുവർണ്ണാവസരം പാഴാക്കാതിരിക്കുക. വോട്ടർ പട്ടികയിൽ പേര് ചേർത്ത് ഒരു വോട്ടറാകുന്നതിൽ അഭിമാനിക്കുക.

***ചീഫ് ഇലക്ടറൽ ഓഫീസർ, കേരളം***

**വിവരങ്ങൾക്ക് 1950 ടോൾഫ്രീ നമ്പരിൽ ബന്ധപ്പെടുക**

## ഉപന്യാസ മത്സരം

സമ്മതിദായകരുടെ ദേശീയ ദിനാഘോഷങ്ങളോടനുബന്ധിച്ച് സംസ്ഥാനത്തെ 18 വയസ്സിനും 25 വയസ്സിനുമിടയിൽ പ്രായമുള്ള യുവതീയുവാക്കൾക്കായി ഒരു ഉപന്യാസ മത്സരം സംഘടിപ്പിക്കുന്നു. '***തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെ തിരിച്ചുവിളിക്കാൻ അവകാശം നൽകുന്ന നിയമം നടപ്പിലാക്കുന്നത് പ്രായോഗികമാണോ***' എന്നതാണ് ഉപന്യാസത്തിന്റെ വിഷയം. പങ്കെടുക്കാൻ താൽപര്യമുള്ളവർ വെള്ളക്കടലാസിൽ സ്വന്തം കൈപ്പടയിലെഴുതിയ ഉപന്യാസങ്ങൾ '**ഉപന്യാസമത്സരം 2012**' എന്ന് എഴുതിയ കവറിൽ ***മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ, ഇലക്ഷൻ വകുപ്പ്, നിയമസഭാ കോംപ്ലെക്സ്, വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം – 33*** എന്ന വിലാസത്തിൽ ജനുവരി 20-നകം ലഭിക്കത്തക്കവിധം അയയ്ക്കേണ്ടതാണ്. വിജയികൾക്ക് സമ്മതിദായകരുടെ ദേശീയ ദിനമായ ജനുവരി 25-ന് തിരുവനന്തപുരത്ത് വച്ച് നടത്തുന്ന പൊതു പരിപാടിയിൽ വച്ച് സമ്മാനങ്ങൾ വിതരണം ചെയ്യുന്നതാണ്.

varghesepunalur